# G U P S
# THRIKKUTTISSERY
## ACADEMIC MASTER PLAN
## 2025-26

# ആമുഖം

അധ്യയനം പുരോഗമനത്തിന്റെ പാതയാണ്.നവീനവും ഉന്നതവുമായ വിദ്യാഭ്യാസ കാഴ്ച്ചപാടുകളുടെയും മനശാസ്ത്ര സമീപനങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പാഠ്യപദ്ധതിയിലൂടെ വിദ്യാർഥികളിൽ വിജ്ഞാനവും മൂല്ല്യവത്തായ ശീലങ്ങളും വളർത്തി ജീവിത വിജയത്തിലേക്ക് നയിക്കാൻ അവരെ പ്രാപ്തമാക്കുക എന്നതാണ് ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണംകൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

കേരളത്തിൽ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മാറിവന്ന പാഠ്യപദ്ധതിയെ ഉൾക്കൊള്ളാൻ പര്യാപ്തമായ ക്ലാസ് മുറികളും മറ്റു സൗകര്യങ്ങളും നമുക്ക് നിലവിലുണ്ട്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ നാം കൈവരിച്ച നേട്ടങ്ങൾ നമ്മുടെ വിദ്യാലയത്തിന്റെ അഭിമാനമാണ്. പൊതുപരീക്ഷളായ എൽ എസ് എസ്,യു എസ് എസ് എന്നിവയിലെ ഉന്നത വിജയം, വിവിധ മേളകളിലെ മിന്നും പ്രകടനം, സ്കൂളിൻറെ തനത് പ്രവർത്തനങ്ങളിലെ മികവ് ഇവയെല്ലാം കൂടിച്ചേരുമ്പോൾ തൃക്കുറ്റിശ്ശേരി ഗവൺമെൻറ് യുപി സ്കൂൾ മികവിന്റെ കേന്ദ്രമാണെന്ന് ഞങ്ങൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും.

നമ്മുടെ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിക്കും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം വച്ചാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ലക്ഷ്യപ്രാപ്തിക്കായി വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹവും കൈകോർക്കേണ്ടതുണ്ട്. വിദ്യാലയത്തിലേക്ക് എത്തുന്ന ഓരോ കുട്ടിയും ഓരോ ഘട്ടത്തിലും വിവിധങ്ങളായ പഠനാനുഭവങ്ങളിലൂടെ കടന്നു പോകേണ്ടതും പ്രതീക്ഷിത നിലവാരത്തിലേക്ക് എത്തേണ്ടതുമാണ്. ഒരു വർഷം ഒരു കുട്ടി നേടേണ്ട വിവിധശേഷികൾ, നൈപുണികൾ, പഠന ലക്ഷ്യങ്ങൾ എന്നിവ മുന്നിൽ കണ്ടുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ അക്കാദമി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.മെയ്യ് 29ന് നടത്തിയ രക്ഷിതാക്കൾക്കുള്ള പാരന്റിങ് ക്ലാസിൽ തുടങ്ങി വിവിധ മേഖലകളിൽ വിവിധ വിഷയങ്ങൾ കോർത്തിണക്കി മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിലെ ഓരോ പ്രവർത്തനവും സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

ഷിജിലേഷ് പി ആർ
എസ് ആർ ജി കൺവീനർ

റാബിയ കെ എ
ഹെഡ് മിസ്ട്രസ്

# SCHOOL PROFILE

| | |
|---|---|
| NAME OF SCHOOL | : G U P S TRIKUTISSERY |
| DATE OF ESTABLISHMENT | : 1927 JUNE |
| NAME OF VILLAGE | : AVITANELLOOR |
| NAME OF PANCHAYATH | : KOTTOOR |
| NAME OF CLUSTER | : THRIKKUTTISERY |
| NAME OF BLOCK | :BALLUSSERY |
| NAME OF BRC | :BALLUSSERY |
| NAME OF EDUCATION DISTRICT | : PERAMBRA |
| HEAD MISTRESS | :RABIYA K A |
| MOBILE NUMBER | :9400544179 |
| S R G COVENOR | : SHIJILESH PR |
| MOBILE NUMBER | :9745857875 |
| STAFF SECRETARY | :REENA K |
| MOBILE NUMBER | : 9539857182 |
| P T A PRESIDENT | : V V BALAN |
| MOBILE NUMBER | :9847421991 |
| SCHOOL CODE | : 47651 |
| EMAIL ID | :hmupsthrikkuttissery@gmail.com |

# ലക്ഷ്യങ്ങൾ

1.ഓരോ കുട്ടിയെയും അവൻ്റെ കഴിവിനും ശേഷിക്കുമനുസരിച്ച് പാഠപാഠ്യേതര വിഷയങ്ങളിൽ പരമാവധി ഉന്നതിയിൽ എത്തിക്കുക.

2.പഠനം ആയാസരഹിതവും രസകരവും വിജ്ഞാനപ്രദവുമാക്കി മാറ്റുക.

3.സർഗാത്മക പരിപോഷണത്തിന് നിരവധി സാധ്യതകൾ ഒരുക്കുക.

4.ഉൾച്ചേർന്ന വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കുക.

5.കാർഷിക സംസ്കാരം വളർത്തിയെടുക്കുക.

6.വിദ്യാലയ പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുക.

7 .നൈതിക മൂല്യം, മനോഭാവം, ജീവിത നൈപുണികൾ ശേഷികൾ എന്നിവ ആർജിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

8.പ്രകൃതിയെ അടുത്തറിയുക .

9.സംസ്കാരത്തെയും പൈതൃകത്തെയും ആദരിക്കുക.

## ഉള്ളടക്കം

### എൽ. പി വിഭാഗം

- കഥ പറയാം....സമ്മാനം നേടാം
- വായനോത്സവം
- റീഡേഴ്സ് തിയറ്റർ
- പാട്ടരങ്ങ്
- സംയുക്ത ഡയറി
- Riddle Day
- A word A day
- How to Describe
- Add lines and Enjoy
- ഗണിത കേളി
- മഞ്ചാടി സഞ്ചി
- ഗണിത ശില്പശാല
- സർഗാത്മക ഡയറി
- സംയുക്ത ഡയറി പ്രകാശനം
- ഒപ്പം ഒപ്പത്തിനൊപ്പം
- രചനോത്സവം
- ഫീൽഡ് ട്രിപ്പ്
- ഗണിത ശില്പശാല
- അധ്യാപക- രക്ഷാകർതൃ സംഗമം
- നിർമ്മാണ ശില്പശാല
- പൊതുവിജ്ഞാനം
- English Cultural Fest

- അറബിക്
- പദനിർമ്മാണം
- പദശേഖരണം
- ഉപചാര വാക്കുകളുടെ പ്രയോഗം
- മാഗസിൻ നിർമ്മാണം
- എൽ. പി. കായികം
- സ്പോർട്സ് ക്യാമ്പ്
- മാസ്സ് ഡ്രിൽ
- എൽ. പി. കലാമേള
- കലാമേളയ്ക്ക് കുട്ടികളെ തയ്യാറാക്കൽ
- ഹെൽത്ത് ക്ലബ്
- "ശുചിത്വ വിദ്യാലയം സുന്ദര വിദ്യാലയം" പദ്ധതി
- ജാഗ്രത സമിതി പ്രവർത്തനങ്ങൾ
- ഐ സി ടി

**<u>തനതു പ്രവർത്തനങ്ങൾ</u>**

- കൃഷി
- പൂന്തോട്ട നിർമ്മാണം
- വീടറിയാം നാടിനെയറിയാം
- നിറങ്ങൾ - മാഗസിൻ

## യു. പി വിഭാഗം

**മലയാളം**

പുലരി

കഥ പറയും കുഞ്ഞൂസ്

പുസ്തകോത്സവം

കയ്യെഴുത്തു മാസിക

ശില്പശാല ചിത്രരചന അഭിനയം സംഗീതം

സംഗീത സദസ്സ് വയലാർദിനം

വായനക്കൂട്ടം

പുസ്തക യാത്ര

**ഇംഗ്ലീഷ്**

English club inauguration and workshop

English assembly

**ഹിന്ദി**

മുഖ്യ പരിശീലനം വായന എഴുത്ത്

പോസ്റ്റർ

സൂചന ബോർഡ് തയ്യാറാക്കൽ

പ്രൊഫൈൽ തയ്യാറാക്കൽ

ആൽബം തയ്യാറാക്കൽ

ട്രാഫിക് നിയമങ്ങൾ അറിയാം

**സാമൂഹ്യശാസ്ത്രം**

പാർലമെൻററി സമ്പ്രദായം

ലഹരി വിരുദ്ധ ദിനം

വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്

ജനസംഖ്യ ദിനാചരണം

വെർച്ചൽ ഫീൽഡ് ട്രിപ്പ്

മേള പ്രവർത്തനങ്ങൾ

ഗാന്ധിയോട് ചോദിക്കാം

സഹവാസ ക്യാമ്പ്

കാടെവിടെ മക്കളെ ഫീൽഡ് ട്രിപ്പ്

**അടിസ്ഥാന ശാസ്ത്രം**

ദിനാചരണ പ്രവർത്തനങ്ങൾ

സയൻസ് ക്ലബ് ഉദ്ഘാടനം

ശാസ്ത്ര വിസ്മയം

കണ്ടറിയാൻ ഒരു യാത്ര

ശാസ്ത്ര വിസ്മയ ചുമർ

ഹോം ലാബ്

സയൻസ് ഫെസ്റ്റ്

**ഗണിതം**

ഗണിത ശില്പശാല

ഗണിത ക്ലബ് ഉദ്ഘാടനം

ഗണിത അസംബ്ലി

ഗണിത ആൽബം

ഗണിത ക്വിസ്

ശാസ്ത്രമേള പ്രവർത്തനങ്ങൾ

## <u>എൽ. പി വിഭാഗം</u>

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | മലയാളം<br><br>വായന | <u>കഥപറയാം സമ്മാനം നേടാം</u><br><br>1, 2 ക്ലാസിലെ കുട്ടികൾക്ക് കഥ കേട്ട് ആസ്വദിക്കുന്നതിനുള്ള അവസരം നൽകുന്നു. കഥയെ അടിസ്ഥാനമാക്കിയുള്ള ലഘു ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നവർക്ക് സമ്മാനം നൽകുന്നു<br><br><u>വായനോത്സവം</u><br><br>*സംയുക്തവായന(രക്ഷിതാവും കുട്ടിയും) (കാലയളവ് ജൂലായ് )<br>*വീട്ടിൽ ഒരു പുസ്തകക്കൂട് (1,2 ക്ലാസ് )<br>കുട്ടികൾക്ക് അധിക വായനയ്ക്കുള്ള പുസ്തകങ്ങൾ ക്ലാസ് മുറിയിൽ ശേഖരിക്കുന്നു.)<br><br><u>റീഡേഴ്സ് തിയേറ്റർ</u> (1, 2ക്ലാസ്)<br><br>ഭാവമുൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന | ജൂൺ മുതൽ<br><br>ജൂലായ്<br><br>ആഗസ്റ്റ്<br><br>ആഗസ്റ്റ്<br><br>നവംബർ<br><br>ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | P T A |

| | | | | | |
|---|---|---|---|---|---|
| | | <u>പാട്ടരങ്ങ്</u>(1 ,2 ക്ലാസ്സ്)<br><br>ചെറു സദസ്സുകളിൽ കഥകൾ പാട്ടുകൾ അഭിനയ ഗാനങ്ങൾ എന്നിവ ഭാവാത്മകമായി അവതരിപ്പിക്കുന്നു | | | |
| | ലേഖനം | <u>സംയുക്ത ഡയറി</u>(1 ,2 ക്ലാസ്സ്)<br><br>കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും ചിത്രങ്ങളും സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുന്നു.<br><br><u>സംയുക്ത ഡയറി പ്രകാശനം</u><br><br>രജനോത്സവം കുട്ടികളുടെ സ്വതന്ത്ര രചന പ്രകാശനം ചെയ്യുന്നു. | ജൂൺ മുതൽ<br><br>ഫെബ്രുവരി | ക്ലാസ് ടീച്ചർ | P T A |
| | English | 1.<u>Riddle day</u><br>Conduct a riddle making workshop for all first std students.<br><br>2. <u>How to describe</u><br>Celebrate a day for picture description .<br><br>3. <u>Add lines and enjoy</u> | November<br><br>December<br><br>June – February<br><br>June – February | ക്ലാസ് ടീച്ചർ | P T A |

| | | | | | |
|---|---|---|---|---|---|
| | | Make a half day Program to convey how to add more lines to a song.<br><br>4. <u>A Word a day</u><br>Find new words from the text book based on the phonemic sound . | | | |
| | ഗണിതം | <u>മഞ്ചാടി സഞ്ചി</u><br><br>എണ്ണിയെടുക്കാൻ പാകത്തിലുള്ള മുത്തുകൾ ,കമ്പുകൾ, മഞ്ചാടികൾ ഇവയുടെ ശേഖരണം.<br><br><u>ഗണിതകേളി</u><br><br>കളികളിലൂടെ ഗണിതാശയത്തിലെത്തുന്നു.<br><br><u>ഗണിതശിൽപശാല</u><br><br>രക്ഷിതാക്കളെ ഉൾപ്പെടുത്തി പഠനോപകരണ നിർമാണ ശില്പശാല . | ജൂൺ<br><br>ജൂലായ്<br><br>സെപ്തംബർ | ക്ലാസ് ടീച്ചർ | P T A |
| | ലേഖനം | <u>സർഗാത്മക ഡയറി</u><br>(3, 4 ക്ലാസ്സുകൾക്ക് )<br><br>* കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറു വാക്യങ്ങളിൽ രേഖപ്പെടുത്തുന്നു. | ജൂൺ - മാർച്ച്<br><br>ഫെബ്രുവരി | ക്ലാസ് ടീച്ചർ | P T A |

| | | | | | |
|---|---|---|---|---|---|
| | | * ലഘുവായ സർഗാത്മക രചനകൾ.(കഥ, കവിത, ചിത്രം)<br>* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക (വിവരണം, സംഭാഷണം)<br>* സംയുക്ത ഡയറി പ്രകാശനം<br><br><u>ഒപ്പം ഒപ്പത്തിനൊപ്പം</u><br><br>എൽ പി തലത്തിലെ കുട്ടികൾക്ക് തെറ്റുകൂടാതെ എഴുതുന്നതിനുള്ള ശേഷി നേടുന്നതിന് വർക്ക് ഷീറ്റ് നൽകി ക്ലാസ് എടുക്കുന്നു.<br><br><u>രചനോത്സവം:</u><br><br>കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രകാശനം ചെയ്യുന്നു. | ജൂലൈ -മാർച്ച്<br><br>ജനുവരി | ക്ലാസ് ടീച്ചർ<br><br>പ്രസീന ടീച്ചർ<br><br>ക്ലാസ് ടീച്ചർ | P T A<br><br>P T A |
| | | <u>ഫീൽഡ് ട്രിപ്പ്</u><br><br>പരിസ്ഥിതിയെക്കുറിച്ച് കൂടുതൽ അറിയാൻ ഫീൽഡ് ട്രിപ്പ് നടത്തുന്നു. | ജനുവരി | ക്ലാസ് ടീച്ചർ | P T A |
| | ഗണിതം | <u>ഗണിത ശില്പശാല</u> | സെപ്തംബർ | ഫൈസൽ മാഷ് | P T A |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികളിൽ ഗണിതാശയം ഉറപ്പിക്കുന്നതിനായി ഗണിത കേളി, ജോമെട്രിക് പാറ്റേൺ എന്നിവ ഉൾപ്പെടുത്തി കൊണ്ട് ഗണിത ശിൽപ്പശാല സംഘടിപ്പിക്കുന്നു. | | | |
| | അദ്ധ്യാപക-രക്ഷാകർത്ത്യ ബന്ധം. | അദ്ധ്യാപകരക്ഷാകർത്യ ബന്ധം ഉറപ്പിക്കുന്നതിനായി എല്ലാ കുട്ടികളുടെയും വീട് സന്ദർശിക്കുന്നു. | ജൂലായ് - ഒക്ടോബർ | ക്ലാസ് ടീച്ചർ | P T A |
| | പ്രവൃത്തി പരിചയം | *നിർമ്മാണ ശില്പ ശാല.<br><br>* പരിസ്ഥിതി സൗഹൃദപരമായ വസ്തുക്കൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ | P T A |
| | പൊതു വിജ്ഞാനം | പത്ര വാർത്തകളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ കൊടുത്തു ക്വിസ് മത്സരം നടത്തുന്നു. താല്പര്യം ഉള്ള മുഴുവൻ കുട്ടികൾക്കും പരിശീലനം നൽകുന്നു. | ജൂലായ്-ഫെബ്രുവരി | ക്ലാസ് ടീച്ചർ | P T A |
| | ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം ഉണ്ടാക്കുന്നതിനായി ഇംഗ്ലീഷ് കൾചറൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | ജനുവരി | ധന്യ ടീച്ചർ | P T A |

## <u>യു പി വിഭാഗം</u>

**മലയാളം**

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എഴുത്ത് | പുസ്തകപ്പുലരി- എല്ലാ സ്കൂൾ പ്രവർത്തനങ്ങളിലും ഓരോ കുട്ടിയും ഒരു പുസ്തകം അവതരിപ്പിക്കുന്നു (സ്കൂൾ റേഡിയോ) | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ | പി ടി എ |
| 2. | ശ്രവണം വായന ലേഖനം | കഥ പറയും കുഞ്ഞൂസ്- സ്കൂൾ റേഡിയോ കുഞ്ഞൂസ് നവീകരണ വിവിധ സർഗാത്മക പ്രകടനങ്ങൾ | ജൂൺ- മാർച്ച് | വിദ്യാരംഗം കലാസാഹിത്യവേദി | പി ടി എ |
| 3. | വായന എഴുത്ത് | പുസ്തകോത്സവം- ജൂൺ 19 മുതൽ തുടങ്ങുന്ന പുസ്തക പ്രദർശനം, വിൽപ്പന | ജൂൺ | വിദ്യാരംഗം കലാസാഹിത്യവേദി | |
| 4. | എഴുത്ത് സർഗാത്മക രചനകൾ | കയ്യെഴുത്തു മാസിക- കുട്ടികളിൽ നിന്ന് രചനകളുടെ പ്രകാശനം രണ്ട് ഘട്ടങ്ങളിലായി നടത്തുന്നു | ജൂൺ മാർച്ച് | വിദ്യാരംഗം കലാസാഹിത്യവേദി | പി ടി എ |
| 5. | | ശില്പശാല ചിത്രരചന അഭിനയം സംഗീതം എന്നീ മേഖലകളിൽ കുട്ടികൾക്കായി ശിൽപ്പശാല നടത്തുന്നു | ജൂലൈ മാർച്ച് | സംഗീത ചിത്രരചന അധ്യാപകർ | ഗുണഭോക്താക്കൾ |
| 6. | കാവ്യാലാപനം | സംഗീത സദസ്സ്- വയലാർ ചരമത്തിന് മുന്നോടിയായി വയലാറിൻറെ സിനിമ നാടക ഗാനങ്ങളും കവിതകളും പരിചയപ്പെടൽ തിരഞ്ഞെടുത്ത കുട്ടികൾ അധ്യാപക രക്ഷിതാക്കൾ നാട്ടുകാർ എന്നിവർക്ക് പാടാൻ അവസരം അവതരണം ഒക്ടോബർ 27 | ഒക്ടോബർ | വിദ്യാരംഗം കലാസാഹിത്യവേദി | ഗുണഭോക്താക്കൾ |

| | | | | | |
|---|---|---|---|---|---|
| 7. | വായന | വായനക്കൂട്ടം സ്കൂൾ വായനക്കൂട്ടത്തിന്റെ നേതൃത്വത്തിൽ ഓരോ മാസവും ഒരു പുസ്തകം ഒന്നിൽ കൂടുതൽ പുസ്തകങ്ങൾ ചർച്ച ചെയ്യുന്നു | ജൂലൈ മാർച്ച് | വിദ്യാരംഗം കലാസാഹിത്യവേദി | ഗുണഭോക്താക്കൾ |
| 8. | വായന സർഗാത്മക-പ്രകടനം | പുസ്തകയാത്ര ഓരോ ക്ലാസിൽ നിന്ന് തിരഞ്ഞെടുത്തു വിദ്യാർഥികൾ പുസ്തകയാത്ര ബാനർ പിടിച്ച് ക്ലാസുകൾ തോറും കയറി വിവിധ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ | വിദ്യാരംഗം കലാസാഹിത്യവേദി | പി ടി എ |

**അടിസ്ഥാന ശാസ്ത്രം**

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ദിനാചരണം | *പ്രശ്നോത്തരി<br>*പോസ്റ്റർ നിർമ്മാണം<br>*ശാസ്ത്രജ്ഞരെ അറിയാം<br>*ശാസ്ത്ര പതിപ്പുകൾ<br>*എല്ലാ മാസവും സയൻസ് ക്വിസ് | ജൂൺ - മാർച്ച് | സയൻസ് ക്ലബ്, സയൻസ് SRG | ഗുണഭോക്താക്കൾ |
| 2. | സയൻസ് ക്ലബ് ഉദ്ഘാടനം | *ചാന്ദ്രദിനത്തോടനുബന്ധിച്ച് ക്ലബ് ഉദ്ഘാടനം . | ജൂലൈ | സയൻസ് ക്ലബ് | ഗുണഭോക്താക്കൾ |
| 3. | ശാസ്ത്രമേള മത്സരങ്ങൾ | *ലഘു പരീക്ഷണങ്ങൾ<br>*പ്രവർത്തന മാതൃക<br>*നിശ്ചല മാതൃക<br>* പ്രോജക്ട് | ആഗസ്ത് | സയൻസ് ക്ലബ്, സയൻസ് SRG | P.T.A |
| 4 | ലഘു പരീക്ഷണം | * ശാസ്ത്രവിസ്മയം<br>ഏകദിന - ശില്പശാല<br>(വിദഗ്ധരുടെ നേതൃത്വത്തിൽ) | ഒക്ടോബർ | സയൻസ് ക്ലബ്, സയൻസ് SRG | ഗുണഭോക്താക്കൾ |
| 5. | കണ്ടറിയാനൊരു യാത്ര | ആവാസവ്യവസ്ഥ സന്ദർശനം | നവംബർ | സയൻസ് ക്ലബ് | ഗുണഭോക്താക്കൾ |
| 6. | ശാസ്ത്ര വിസ്മയ ചുമർ | *ശാസ്ത്ര പാഠ ഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ നിർമ്മിക്കുന്നു | ജൂൺ - മാർച്ച് | സയൻസ് അധ്യാപകർ | ഗുണഭോക്താക്കൾ |
| 7. | ഹോംലാബ് | *എല്ലാ കുട്ടികൾക്കും സയൻസ് കിറ്റുകൾ. | ജൂൺ - മാർച്ച് | സയൻസ് അധ്യാപകർ | ഗുണഭോക്താക്കൾ |
| 8. | സയൻസ് ഫെസ്റ്റ് | *ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിച്ച പഠനോപകരണങ്ങളുടെ പ്രദർശനം. | ഫെബ്രുവരി | സയൻസ് ക്ലബ്, സയൻസ് SRG | ഗുണഭോക്താക്കൾ |

## English

| Aim | Activities | Month | Responsible Person | Economic Sources |
|---|---|---|---|---|
| 1.To encourage listening and speaking. Enhance vocabulary,enhance listening skills.Total physical response.include physical movement with language learning. | English club inauguration with work shop.<br>"Total physical response".It is a language teaching method that combines physical movement with language learning.To aquire language in fun and interactive way.<br>Key aspects:<br>1.Students respond to commands or instructions<br>2.Focus on listening<br>3.Encourage active participation and engagement . | June | English teachers | Engish club |
| 2. Improve language skills. To boost confidence in speaking English.To foster a love for the language.<br>To develop communication skills. | English assembly:-Seventh standard students conduct assembly in english.School assembly includes prayer , pledges,thought of the day,English news reading, English songs.Activities include discussion on current events or books | August<br>November<br>January | | |
| 3. Enhance creativity: Provide opportunity to express themselves through writing,art,and design. | Prepare English class magazine: Content ideas..<br>Students articles, stories,book reviews, puzzles and games, interview with inspiring individuals.Creative writings | october | | |

| | | | | |
|---|---|---|---|---|
| * Improve language skills: Enhance vocabulary, writing skills,comprehension, communication skills.<br>* Build confidence showcase student work and achievements to boost self-esteem | such as poems and riddles, painting etc..can be included. | | Engish teachers | Students of the class |

## സാമൂഹ്യ ശാസ്ത്രം

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പാർലമെൻററി സമ്പ്രദായം | സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ്<br><br>*തിരഞ്ഞെടുപ്പ് വിജ്ഞാപനം<br>*നാമനിർദ്ദേശപത്രിക സമർപ്പണം<br>*സൂക്ഷ്മ പരിശോധന<br>*പിൻവലിക്കൽ<br>*വോട്ടെടുപ്പ്<br>*വോട്ടെണ്ണൽ<br>*ഫലപ്രഖ്യാപനം | ജൂൺ 12 - 13 | S S CLUB | 1000, P T A |
| 2. | ദിനാഘോഷം | ലഹരി വിരുദ്ധ ദിനം<br><br>*ലഹരി വിരുദ്ധ ദിന സന്ദേശം<br>*പോസ്റ്റർ രചന മത്സരം | ജൂൺ 26 | S S CLUB | |
| 3. | ജനാധിപത്യം | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br><br>ഗ്രാമസഭയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | ജൂലൈ | S S CLUB | |
| 4 | ദിനാഘോഷം | ജനസംഖ്യാ ദിനാചരണം<br><br>*ക്വിസ് മത്സരം | ജൂലൈ 11 | S S CLUB | |
| 5. | പൊതുവിജ്ഞാനം | *സ്വാതന്ത്ര്യ ദിന ക്വിസ് മത്സരം<br>*പ്രസംഗമത്സരം | ആഗസ്റ്റ് 15 | S S CLUB | |
| 6. | ചരിത്രം | വെർച്വൽ ഫീൽഡ് ട്രിപ്പ്<br><br>*ഐസിടി സാധ്യത ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | ആഗസ്റ്റ് 15 | S S CLUB | |
| 7. | സാമൂഹ്യശാസ്ത്രമേള | *സ്റ്റിൽ മോഡൽ<br>*വർക്കിംഗ് മോഡൽ<br>*പ്രശ്നോത്തരി | സെപ്തബർ | S S CLUB | 2000 , P T A |

| | | | | | |
|---|---|---|---|---|---|
| | | *പ്രസംഗം | | | |
| 8. | ചരിത്രം | ഗാന്ധിജയന്തിയോടനുബന്ധിച്ച് "ഗാന്ധിജിയോട് ചോദിക്കാം" ഗാന്ധിജിയുമായി ബന്ധപ്പെട്ട അറിവുകൾ നേടാൻ ഗാന്ധിജിയോട് ചോദ്യങ്ങൾ ചോദിക്കാം | ഒക്ടോബർ 2 | S S CLUB | |
| 9. | സോഷ്യോളജി ആൻഡ് ജോഗ്രഫി | സഹവാസ ക്യാമ്പ് | നവംബർ | S S CLUB<br>SRG<br>P T A | 10000, P T A |
| 10. | ചരിത്രം | കാടെവിടെ മക്കളെ....<br>*ഫീൽഡ് ട്രിപ്പ്<br>*സർവ്വേ | നവംബർ | സബ്ജക്ട് കൌൺസിൽ | Beneficiaries & P T A |

## ഹിന്ദി

*പൊതുവായ ലക്ഷ്യങ്ങൾ :

* ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഭാഷയെ ഇഷ്ടപ്പെടാനും , അക്ഷരങ്ങൾ പരിചയപ്പെടാനും അവസരം ഒരുക്കൽ.

* എല്ലാ കുട്ടികളും ഹിന്ദി ഭാഷ ഫല പ്രദമായി തെറ്റ് കൂടാതെ എഴുതുവാനും , വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കൽ.

* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ.

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

* പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഹിന്ദി എഴുതുവാനും , വായിക്കാനുമുള്ള കൂടുതൽ പരിശീലനം നൽകുക.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും, ദേശസ്നേഹവും വളർത്തിയെടുക്കുക.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയാൻ പരിശീലിപ്പിക്കുക. | * അക്ഷരങ്ങളും, ചിഹ്നങ്ങളും പഠിപ്പിക്കുന്നു.<br>* അക്ഷരമാല ICT സഹായത്താൽ കാണിച്ചു കൊടുക്കുന്നു.<br>* അക്ഷരമാല എഴുതിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ | |
| 2. | അക്ഷരങ്ങൾ കണ്ടെത്താനും, വായിക്കാനും, എഴുതാനും ഉള്ള പരിശീലനം | ക്ലാസ്സിലെ മുഴുവൻ കുട്ടികളുടേയും പേരുകൾ എഴുതാൻ പഠിപ്പിക്കുന്നു.<br>പുതിയ പദങ്ങൾ, ബാലകവിതകൾ, ചെറുകഥകൾ എന്നിവ കൊടുത്ത് അതിൽ വരുന്ന അക്ഷരങ്ങളും, ചിഹ്നങ്ങളും തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | | |
| 3. | തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശീലനം | *ചിത്രങ്ങളും, ബാലകവിതകളും വായനയ്ക്കായി നൽകുന്നു.<br>* കഥാ പുസ്തകങ്ങൾ വായിച്ച് കേൾപ്പിച്ച് വായനയിലേയ്ക്ക് ആകർഷിക്കും.<br>* ഓരോ ക്ലാസ്സിലും ദിവസവും ഓരോരുത്തരെ ഹിന്ദി വായിപ്പിക്കും.<br>* ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പറയാൻ പരിശീലിപ്പിക്കും.<br>*പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുന്നു. വീഡിയോ കാണിക്കുന്നു.<br>*ഹിന്ദി അസംബ്ലി നടത്തുക. | | |

| | | | | |
|---|---|---|---|---|
| | | *ഹിന്ദിയിൽ ചെറിയ, ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക.<br>* വായന മത്സരം നടത്തും. തെറ്റ് കൂടാതെ, ആവർത്തിക്കാതെ കൂടുതൽ വായിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനമായി ചെറിയ ,ചെറിയ സമ്മാനങ്ങൾ നൽകും. | | |
| 4 | ഹിന്ദി അനായാസം എഴുതുവാനുള്ള പരിശീലനം. | * പക്ഷികൾ മൃഗങ്ങൾ, പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ, ആഴ്ച്ചകൾ, ഇംഗ്ലീഷ് - മലയാളം മാസങ്ങൾ, എണ്ണം മുതലായവ ഹിന്ദിയിൽ പരിചയപ്പെടുത്തി കൊടുക്കുന്നു.<br>* ഓരോ യൂണിറ്റ് കഴിയുമ്പോൾ കേട്ടെഴുത്ത് മത്സരം നടത്തും. | ഹിന്ദി അധ്യാപകർ | |
| 5. | പോസ്റ്റർ നിർമ്മാണം | * വിവിധ പോസ്റ്ററുകൾ പരിചയപ്പെടുത്തി പോസ്റ്റർ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു.<br>- ലഹരി വിരുദ്ധ ദിനം<br>- പരിസ്ഥിതി സംരക്ഷണം<br>- സൗഹൃദ ദിനം<br>- വെള്ളത്തിൻ്റെ മഹത്വം.<br>* തയ്യാറാക്കിയ പോസ്റ്ററുകൾ ക്ലാസ്സടിസ്ഥാനത്തിൽ ബുക്ക് രൂപത്തിലാക്കി പ്രദർശിപ്പിക്കുന്നു. | | |
| 6. | * സൂചന ബോർഡ് , പ്ലക്കാർഡ്, ബർത്ത് ഡേ കാർഡ് നിർമ്മാണം.<br>* പ്രൊഫൈൽ തയ്യാറാക്കൽ | * സൂചനാ ബോർഡുകൾ, പ്ലക്കാർഡുകൾ , ബർത്ത് ഡേ കാർഡുകൾ എന്നിവ തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു. | | |

| | | | | |
|---|---|---|---|---|
| | * ആൽബം തയ്യാറാക്കൽ | *സ്വാതന്ത്ര്യ സമര സേനാനികളുടെ പ്രൊഫൈൽ തയ്യാറാക്കുന്നു.<br>*സ്വാതന്ത്ര്യ സമര സേനാനികൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ആൽബം തയ്യാറാക്കുന്നു. | | |
| 7. | ട്രാഫിക് നിയമങ്ങൾ അറിയുക | * പാഠഭാഗവുമായി ബന്ധപ്പെട്ട ട്രാഫിക് നിയമങ്ങൾ ഹിന്ദിയിൽ പഠിപ്പിക്കുന്നു.<br>* ട്രാഫിക് സിഗ്നലുകൾ ഹിന്ദിയിൽ പറഞ്ഞു കൊടുക്കുന്നു. | | |

<u>ഗണിതം</u>

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | <u>ഗണിത ശില്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ <u>ഉറപ്പാക്കുന്നതിനുള്ള</u> പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | | ഗണിത ക്ലബ് |
| 2. | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് | ഗണിത ക്ലബ് ഉദ്ഘാടനം | ജൂൺ മൂന്നാമത്തെ ആഴ്ച | ഗണിത ക്ലബ് | ഗണിത ക്ലബ് |
| 3. | എല്ലാ കുട്ടികളിലും ഒരു വിഷയത്തിൽ ഊന്നിയ അസംബ്ലി സംഘടിപ്പിക്കുന്നതിനും അതിൻറെ വ്യത്യസ്ത മേഖലകൾ <u>തിരിച്ചറിയുന്നതിനുള്ള</u> | <u>ഗണിത അസംബ്ലി</u><br><br>ഓരോ ടേമിലും ഓരോ ഗണിത അസംബ്ലി നടത്തുന്നതാണ് | ഒന്നാം ടേം രണ്ടാം ടേം മൂന്നാം ടേം | ഗണിത ക്ലബ് | ഗണിത ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | മനോഭാവം സൃഷ്ടിക്കുന്നതിന് | | | | |
| 4. | കൃത്യതയോടും സൂക്ഷ്മതയോടും വരകളിലൂടെ നൂതന ഗണിത സൗന്ദര്യം ആസ്വദിക്കാനുള്ള താല്പര്യം സൃഷ്ടിക്കുന്നതിന് | <u>ഗണിത ആൽബം</u><br><br>ജോമട്രിക്കൽ പാറ്റേൺ ശില്പശാല സംഘടിപ്പിച്ച തയ്യാറാക്കുന്ന ജോമെട്രിക്കൽ ചാർട്ട് ഉപയോഗിച്ച് ആൽബം തയ്യാറാക്കുന്നു | | | |
| 5. | ഗണിത അറിവുകൾ അന്വേഷിക്കാനും അതിൻറെ വളർച്ച മനസ്സിലാക്കാനും ശാസ്ത്രജ്ഞരുടെ സംഭാവനകൾ തിരിച്ചറിയാനും അതിൽ നിന്ന് പ്രേരണ കൊണ്ട് ഗണിത പ്രതിഭകളെ സൃഷ്ടിക്കുന്നു | <u>ഗണിത ക്വിസ്</u><br><br>ഓരോ ടേമിലും ക്വിസ് നടത്തുന്നതാണ് | | | ഗണിത ക്ലബ് |
| 6. | കുട്ടികളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നതിനും സർഗാത്മ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും | സ്കൂൾ ഗണിതശാസ്ത്രമേള സബ്ജില്ലാ ഗണിതശാസ്ത്രമേളയുടെ അനുബന്ധിച്ച് സ്കൂൾ ഗണിതമേള നടത്തുന്നതാണ് | | | ഗുണഭോക്താക്കൾ |
| 7. | വിവിധ ശേഷികളുടെ വികസനം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | | | |

**<u>ജാഗ്രത സമിതി</u>**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സാമൂഹ്യ സുരക്ഷ | * ജാഗ്രത സമിതി ഉദ്ഘാടന ബോധവൽക്കരണ ക്ലാസ്.<br>* പോസ്റ്റർ നിർമ്മാണവും പ്രദർശനവും<br>* മക്കൾക്കൊപ്പം - ബോധവൽക്കരണ ക്ലാസ്. | ജൂൺ<br>ഒക്ടോബർ | | P T A |

## നന്ദി

അക്കാദമിക് മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾക്ക് പുറമെ ദൈനംദിന പഠന പ്രവർത്തനങ്ങളും കൂടി ചേരുമ്പോഴാണ് ഒരു അധ്യയന വർഷം വിജയകരമായി പൂർത്തിയാവുന്നത്. അക്കാദമിക് മാസ്റ്റർ പ്ലാനിലെ ഓരോ മാസത്തെ പ്രവർത്തനങ്ങളും എസ് ആർ ജി ചർച്ച ചെയ്ത് സമയബന്ധിതമായി ചെയ്തു തീർക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ചെയ്തുതീർക്കാൻ കഴിയാത്ത പ്രവർത്തനങ്ങൾ അടുത്തമാസം ചെയ്തുതീർക്കാനുള്ള ശ്രമം നടത്തുന്നതാണ്. ഈ അധ്യയന വർഷം ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ വിദ്യാലയ മികവിന് കൂടുതൽ കരുത്തേക്കുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ പുതിയ കാൽവെപ്പിന് തുടക്കം കുറിക്കുന്നു. 2025- 26 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണത്തിന് സഹായഹസ്തങ്ങൾ നൽകിയ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി...

ഷിജിലേഷ് പി ആർ

എസ് ആർ ജി കൺവീനർ